കണ്ണൂർ ജില്ലയിലെ പാടിയോട്ടുചാൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

29 (4020) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാടിയോട്ടുചാൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രദേശത്തിന്റെ ഭൂവിസ്തൃതിയും മറ്റും പരിഗണിച്ച് സെക്ഷൻ വിഭജിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത നിർദ്ദേശം ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പാടിയോട്ടുചാൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജനം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഭാവിയിൽ പുതിയ സെക്ഷൻ രൂപീകരണത്തിനുള്ള മാനദണ്ഡം ബാധകമാകുമ്പോൾ പ്രസ്തുത നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

ഊർജ്ജ പ്രതിസന്ധി മറികടക്കാൻ കർമ്മ പരിപാടി

30 (4021) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ വിതരണ-പ്രസരണ നഷ്ടം പരമാവധി കുറച്ച് ഊർജ്ജ പ്രതിസന്ധി മറികടക്കാൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കുറഞ്ഞ നിരക്കിൽ, പവർകട്ട് ഏർപ്പെടുത്താതെ വൈദ്യുതി വിതരണം ചെയ്ത് സംസ്ഥാനത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിന് സഹായകരമായ ഊർജ്ജനയം നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന സത്വര നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചുവരുന്നു :

(i) എച്ച്.ടി. ലൈനുകളും എൽ.ടി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടംഘട്ടമായി മെച്ചപ്പെടുത്തുക.

(ii) 11 കെ.വി. 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.

(iii) കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

(iv) കൂടുതൽ സബ് സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

(v) എൽ.ടി. ലൈനിലും, എച്ച്.ടി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക.

(vi) സിസ്റ്റം പവ്വർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(vii) കേടായ എനർജി മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

(viii) ബോർഡിലെ ആന്റി പവ്വർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

(ix) ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും റവന്യൂ കളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കുക.

(x) എനർജി ആഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

മേൽപ്പറഞ്ഞ നടപടികൾ വഴി 2001-02-ലെ പ്രസരണ വിതരണ നഷ്ടം 30.76% ആയിരുന്നത് 2013-14-ൽ 14.96% ആയി കുറയ്ക്കുന്നതിന് വൈദ്യുതി ബോർഡിന് സാധിച്ചു. ഊർജ്ജ സംരക്ഷം ലക്ഷ്യമിട്ട് സംസ്ഥാന വൈദ്യുതി ബോർഡ് എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം രൂപീകരിക്കുകയും ലാഭപ്രദ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. എസ്കോട്ടിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, കോളേജ്, റസിഡൻസ് അസോസിയേഷനുകൾ ഇവയുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ, എൽ.ഇ.ഡി. ബൾബുകളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പ്രചാരണം, ഊർജ്ജ സംരക്ഷണ സന്ദേശം

ഉൾക്കൊള്ളുന്ന പോസ്റ്റർ, വീടുകളിലെ വൈദ്യുതി ഉപകരണങ്ങളിലെ ഊർജ്ജ സംരക്ഷണം ഉദ്ദേശിച്ചുള്ള ലഘുലേഖകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യൽ, ഐസ് പ്ലാന്റുകളിലെ ഊർജ്ജ സംരക്ഷണം, കായൽ നിലങ്ങളിലും കൃഷി ഇടങ്ങളിലും വെള്ളം പമ്പ് ചെയ്ത് മാറ്റുന്നതിന് ഊർജ്ജ സംരക്ഷണം, എനർജി ആഡിറ്റിംഗ് വിതരണ ലൈനുകളിലെ ഊർജ്ജ സംരക്ഷണം മുതലായവ നടപ്പിലാക്കി വരുന്നു. പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 2013-14 വർഷം 10 സബ് സ്റ്റേഷനുകളും 159.502 കി.മീ. ലൈനും പുതുതായി സ്ഥാപിച്ചു.

പ്രസരണ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാന ഗവൺമെന്റ് 'മിഷൻ 676' പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാ ക്രമത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 16 പുതിയ/അപ്ഗ്രേഡഡ് സബ് സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും 39 പുതിയ/അപ്ഗ്രേഡഡ് സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ രണ്ട് സബ് സ്റ്റേഷനുകൾ ഇതിനകം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

(ബി) സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ പവ്വർകട്ട് ഏർപ്പെടുത്താതെ വൈദ്യുതി വിതരണം ചെയ്യുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ താഴെപ്പറയുന്ന അടിയന്തിര നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്:

- ടാറ്റ, മൈത്തൺ കമ്പനിയിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേയ്ക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.
- 250 മെഗാവാട്ട് വൈദ്യുതി ദാമോദർവാലി കോർപ്പറേഷനിൽ നിന്നും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.
- 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് വാങ്ങുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. ഇതിനുള്ള കരാർ 2014 ഡിസംബർ അവസാനത്തോടുകൂടി ഒപ്പുവയ്ക്കുന്നതായിരിക്കും.

ഇതുകൂടാതെ ചീമേനിയിൽ കൽക്കരി/എൽ.എൻ.ജി. ഉപയോഗിച്ചുള്ള ഒരു താപ വൈദ്യുതി നിലയം സ്ഥാപിക്കാനുള്ള നടപടികൾ പരിശോധിച്ചുവരുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം, എൽ.എൻ.ജി. അടിസ്ഥാന മാക്കിയിട്ടുള്ള ഒരു നിലയമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡ് തന്നെ ഏതാണ്ട് 300 മെഗാവാട്ടോളം സ്ഥാപിത ശേഷിയുള്ള പുതിയ ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നുണ്ട്. ഇതുകൂടാതെ സൗരോർജ്ജ നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉല്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങൾക്ക് നൽകുന്ന കാര്യം

31 (4022) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങൾക്ക് നല്കുന്നുണ്ടോ; 2014 ജനുവരി മുതൽ നവംബർ വരെ ഇപ്രകാരം എത്ര വൈദ്യുതി വിറ്റഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

കേരളത്തിന്റെ ആഭ്യന്തര വൈദ്യുതാവശ്യം നിറവേറ്റുന്നത് പ്രധാനമായും കേരളത്തിനുള്ളിലെ ജലവൈദ്യുത നിലയങ്ങളിൽ നിന്നും (30-35%) കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുമുള്ള (40-45%) വൈദ്യുതി ഉപയോഗിച്ചാണ്. ശേഷം വേണ്ടിവരുന്ന വൈദ്യുതി സ്വകാര്യമോ സംയുക്ത സംരംഭങ്ങളോ ആയ ഉത്പാദകരിൽ നിന്ന് നേരിട്ടോ, അംഗീകൃത വ്യാപാരികൾ മുഖേനയോ കരാർ ചെയ്യുന്നു (10-15%). തികയാതെ വരുന്ന വൈദ്യുതിക്കായി ദ്രവ ഇന്ധന നിലയങ്ങളെയും പവ്വർ എക്സ്ചേഞ്ചുകളെയും ആശ്രയിക്കാറുണ്ട്. മേൽപ്പറഞ്ഞതിൽ ദ്രവഇന്ധന നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഇന്ധനച്ചെലവ് മറ്റുള്ള സ്രോതസ്സുകളിൽ നിന്നുള്ളതിനെക്കാൾ കൂടുതൽ ആയതിനാൽ (യൂണിറ്റിന് 10 രൂപ മുതൽ 13 രൂപ വരെ) ആയത് അടിയന്തര ഘട്ടങ്ങളിൽ മാത്രമാണ് ഉപയോഗിക്കുന്നത്. 2014 ജനുവരി മുതൽ നവംബർ വരെയുള്ള കാലയളവിൽ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും സംസ്ഥാനം ഇക്കാരണത്താൽ ഉപയുക്തമാക്കാത്ത 1241.498 ദശലക്ഷം യൂണിറ്റ് വൈദ്യുതി തമിഴ്നാട്ടിന്റെ ആവശ്യപ്രകാരം TANGEDCO-യ്ക്ക് വിൽപ്പന നടത്തിയിട്ടുണ്ട്.

വൈദ്യുതി ചാർജ്ജ് വർദ്ധന

32 (4023) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യമാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്; വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിന് മുൻപുള്ളതിന്റെയും അതിന് ശേഷമുള്ള വർദ്ധിപ്പിച്ച ചാർജ്ജുകളുടെയും വിശദാംശം നൽകുമോ; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly